ഡോ. കെ. സി. ജോസഫ്: സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,45,19,000 രൂ.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു: സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,45,19,000 രൂ.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,45,19,000 രൂ.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

VI. ക്രമപ്രശ്നം

സബ്ജക്ട് കമ്മിറ്റി ശുപാർശ പരിഗണിക്കുന്നതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ....ഒരു പ്രസക്തമായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ്. ധനകാര്യവകുപ്പുമന്ത്രി ചട്ടം 236 പ്രകാരം വിവിധ വകുപ്പുകളുടെ ഡിമാന്റിന്മേൽ സബ്ജക്ട് കമ്മിറ്റികളുടെ ശുപാർശകൾ പരിഗണിച്ചുകൊണ്ടുള്ള നടപടികളുടെ കാര്യങ്ങൾ ഞങ്ങൾക്ക് തന്നിട്ടുണ്ട്. 236 (3)-ൽ പറയുന്നത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ അതേ സാമ്പത്തിക വർഷം തന്നെ സർക്കാർ പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും വകുപ്പിന് അധിക തുക അനുവദിക്കുന്നതിനോ തുകയിൽ മാറ്റം വരുത്തുന്നതിനോ വേണ്ടിയുള്ള ശുപാർശകളാണെങ്കിൽ അപ്രകാരമുള്ള ശുപാർശകളിൻമേൽ തീരുമാനം എടുക്കുന്നതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടികൾ ധനകാര്യവകുപ്പുമന്ത്രി ഒരു പ്രസ്താവന മുഖേന സഭയെ അറിയിക്കേണ്ടതാണ്. ഞങ്ങൾക്ക് നൽകിയിട്ടുള്ള വിശദീകരണത്തിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ 28, 29, 30, 31 എന്നീ ശുപാർശകൾ സംബന്ധിച്ച മറുപടി പ്രസ്താവന നടത്തേണ്ടത് ഭരണവകുപ്പാണെന്നാണ്. ഇത് സബ്ജക്ട് കമ്മിറ്റിയോട് കാണിക്കുന്ന അനാദരവാണ്. ധനകാര്യവകുപ്പ് മറുപടി പറയേണ്ടതിന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റാണെന്ന് പറഞ്ഞുകൊണ്ട് തിരിച്ച് അങ്ങോട്ടുതന്നെ അയയ്ക്കുകയാണ്. ഇതെന്താണ്? ഇങ്ങനെയാണോ ചെയ്യേണ്ടത്? സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ ധനകാര്യവകുപ്പ് മറുപടി പറയുന്നതിനുപകരം ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് തിരിച്ചയക്കുകയാണ്. അധിക ബാധ്യത വരുന്നതാണ്. ഈ നാലു ശുപാർശകളും ഇത്തവണ പരിഗണിക്കാൻ കഴിയുന്നില്ലെങ്കിൽ പരിഗണിക്കാൻ കഴിയുകയില്ല എന്നു പറഞ്ഞാൽ പോരേ.

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ കൃത്യമായി വരുന്ന മുറയ്ക്കും ധനലഭ്യതയുടെ അടിസ്ഥാനത്തിലും ഇതു സംബന്ധിച്ച് പിന്നീട് പരിഗണിക്കുന്നതാണെന്ന് പറഞ്ഞാലും മനസ്സിലാക്കാം. ഇത്രമാത്രം അപമാനകരമായ ഒരു സ്ഥിതി വേണ്ടിയിരുന്നോ? അതിന് അങ്ങയുടെ റൂളിംഗ് ഉണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെക്കുറിച്ച് പരിശോധിക്കാം.

ധനകാര്യം (തുടർച്ച)

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് കേരള സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് അധികാരവും സമ്പത്തും നൽകി. ഗ്രാമ വികസനത്തിൽ മേൽക്കൈ സ്ഥാപിച്ച കേരളം ലോകത്തിനാകെ മാതൃകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അധികാര വികേന്ദ്രീകരണത്തെ തകർത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ അധികാരവും സമ്പത്തും തിരിച്ചുപിടിച്ചിരിക്കുകയാണ്. പ്ലാൻ ഫണ്ടിന്റെ 40% ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിരുന്നത് നിർത്തൽ ചെയ്തു. ഇപ്പോൾ പണം നൽകാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഭരണസ്തംഭനത്തിലേയ്ക്ക് തള്ളിവിട്ടിരി ക്കുകയാണ്. കേരള വികസന പദ്ധതി എന്നപേരിൽ ആരംഭിച്ച വികസന പദ്ധതിക്ക് ഈ ഗവൺമെന്റ് തീരുമാനിച്ചത് 5 വർഷത്തെ പ്രോജക്ടുകൾ മുൻകൂട്ടി തയ്യാറാക്കിക്കൊടുക്കുക എന്നുള്ളതാണ്. ഓരോ വർഷവും പ്രോജക്ട് തയ്യാറാക്കുമ്പോൾ നിലവിലുള്ള വർഷത്തേക്കാൾ 10% തുക വർദ്ധിപ്പിച്ച് പ്രോജക്ട് തയ്യാറാക്കണമെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചത്. അങ്ങനെതന്നെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കി കൊടുത്തതും. ഇപ്പോൾ സ്ഥിതി എന്താണ്? ഓരോ വർഷവും പദ്ധതി അടങ്കലിൽനിന്നും തുക വെട്ടിക്കുറച്ചിരിക്കുകയാണ്. അനുവദിച്ച വിഹിതംതന്നെ ഓരോ വർഷവും കൊടുക്കുന്നില്ല. ഇങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ല. ഈ വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം എങ്ങനെയാണ്? സ്റ്റേറ്റ് പ്ലാൻ ഫണ്ടും നബാർഡിന്റെ ഫണ്ടും കൂടിയാണ് ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് അനുവദിച്ചത്. അതിൽ 75% നബാർഡിന്റെ ഫണ്ടാണ്. നബാർഡ് ഫണ്ട് ചെലവഴിക്കാൻ ചില മാനദണ്ഡങ്ങളുണ്ട്. 5% മുതൽ 20% വരെ വിപുലങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ matching grant വേണം. Matching grant കൊടുക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമാണ്. ഒരു നയാപൈസപോലും ബ്ലോക്ക് പഞ്ചായത്തിന് own ഫണ്ടില്ല. ഈ matching grant ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട പ്ലാൻ ഫണ്ടിൽനിന്നും വേണം അനുവദിക്കാൻ. ഗവൺമെന്റ് ഈ ഫണ്ട് ഉപയോഗിക്കാൻ ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ആ നിബന്ധനകളെന്താണ്? അംഗൻവാടികൾക്ക് ഫീഡിംഗിന് ഈ പ്ലാൻ ഫണ്ടിൽ നിന്നും തുക മാറ്റിവയ്ക്കണം. മറ്റൊന്ന് അക്ഷയ കംപ്യൂട്ടറുകളാണ്, ഗ്രാമപഞ്ചായത്തിന് 80 രൂപയും ബ്ലോക്ക് പഞ്ചായത്തിന് 20 രൂപയും ജില്ലാ പഞ്ചായത്തിന് 20 രൂപയും ഈ പ്ലാൻ ഫണ്ടിൽ നിന്നും ചെലവാക്കാം. അക്ഷയ കംപ്യൂട്ടർ പദ്ധതി നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly